**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2583** **21-01-2021 - ൽ മറുപടിയ്ക്ക്**

**മലബാർ റിവർ ക്രൂയിസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. എൻ. ഷംസീർ** | | **Shri. Kadakampally Surendran**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ആയതിന് അനുവദിച്ച തുകയടക്കം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (എ) | മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ താഴെപ്പറയുന്ന 14 ബോട്ട് ടെർമിനൽ/ജെട്ടി പദ്ധതികൾക്കാണ് കേരള ടൂറിസം വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളത്. കല്യാശ്ശേരി മണ്ഡലം- 1. പഴയങ്ങാടി ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 3,00,00,000/-) തളിപ്പറമ്പ് മണ്ഡലം 2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 4,88,80,000/-) ധർമ്മടം മണ്ഡലം 3. പാറപ്രം ബോട്ട് ടെർമിനൽ (ഭരണാനുമതി ലഭിച്ച തുക - 3,47,00,000/-) 4. ധർമ്മടം ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 3,20,33,933/-) 5. ചേരിക്കൽ ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 3,47,82,683/-) 6. മമ്പറം ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 94,55,700/-) തലശ്ശേരി മണ്ഡലം 7. കക്കടവ് ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 3,03,00,000/-) 8. പാത്തിക്കൽ ബോട്ട് ജെട്ടി (ഭരണാനുമതി ലഭിച്ച തുക - 1,75,00,000/-) 9. ന്യൂമാഹി ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 5,02,00,000/-) കൂത്ത്പറമ്പ് മണ്ഡലം 10. പെരിങ്ങത്തൂർ ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 1,11,43,433/-) 11. കരിയാട് ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക - 3,03,46,200/-) 12. മോന്താൽ ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക - 1,11,43,433/-) പയ്യന്നൂർ മണ്ഡലം 13. പുന്നക്കടവ് ബോട്ട് ജെട്ടി (ഭരണാനുമതി നൽകിയ തുക – 1,75,00,00/-) 14. കവ്വായികാലിക്കടപ്പുറം ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക – 5,02,00,000/-) സംസ്ഥാന പദ്ധതികൾക്ക് പുറമെ കണ്ണൂർ ജില്ലയിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ |

നിന്നും സ്വദേശ്ദർശൻ സ്കീമിൽ പെട്ടുത്തി 80.37 കോടി രൂപയുടെ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെട്ടുത്തി 30 ജെട്ടി/ ടെർമിനലുകൾ, മറ്റ് അനുബന്ധ ഘടകങ്ങൾക്കുമാണ് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെയും മറ്റ് പ്രവൃത്തികൾ KEL നെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. (താവം, മാട്ടൂൽ നോർത്ത്, ചെറുകുന്ന്, മുനമ്പുകടവ്, കുപ്പം, പട്ടുവം, അഴീക്കൽ ബോട്ട് പാലം, വാടിക്കൽ എന്നീ ജെട്ടി ബോട്ട് ജെട്ടി/ടെർമിനൽ പ്രവൃത്തി ഇൻലാന്റ് നാവിഗേഷൻ മുഖേന പുരോഗമിച്ചുവരികയാണ്) കല്യാശേരി മണ്ഡലം 1. മൈനർ ബോട്ട് ടെർമിനൽ മടക്കര 2. പട്ടുവം മേജർ ബോട്ട് ടെർമിനൽ 3. മുതുകുട ബോട്ട് ജെട്ടി 4. തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ 5. താവം ബോട്ട് ജെട്ടി 6. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത് 7. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത് 8. മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ 9. മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന് 10. മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ തളിപ്പറമ്പ് മണ്ഡലം 11. പാമ്പുരുത്തി ബോട്ട് ജെട്ടി (Type I) 12. പാമ്പുരുത്തി ബോട്ട് ജെട്ടി (Type II) 13. മുനമ്പുകടവ് ബോട്ട് ജെട്ടി (Type I) 14. മുനമ്പുകടവ് ബോട്ട് ജെട്ടി (Type II) 15. കുപ്പം മേജർ ബോട്ട് ടെർമിനൽ 16. കാട്ടാമ്പള്ളിക്കടവ് ബോട്ട് ജെട്ടി 17. എ കെ ജി ഐലന്റ് ബോട്ട് ജെട്ടി (2 Nos) 18. കൊളച്ചേരി ഐലന്റ് ബോട്ട് ജെട്ടി (2 Nos) 19. സി എച്ച് ഐലന്റ് ബോട്ട് ജെട്ടി (2 Nos) അഴീക്കോട് 20. അഴീക്കൽ ഫെറി ബോട്ട് ജെട്ടി 21. അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി 22. നാറാത്ത് ബോട്ട് ജെട്ടി 23. വളപട്ടണം മേജർ ബോട്ട് ടെർമിനൽ 24. പാപ്പിനിശ്ശേരി ബോട്ട് ജെട്ടി 25. പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി 26. ഭഗത് സിങ് ഐലന്റ് ബോട്ട് ജെട്ടി (2 Nos) കേന്ദ്ര പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച മറ്റ് അനുബന്ധ പ്രവൃത്തികളായ നടപ്പാത, ടോയ്‌ലറ്റ് ബ്ലോക്ക്, ഫുഡ് കോർട്ട്, ആർട്ടിസാൻസ് ആല, ഓപ്പൺ എയർ തീയറ്റർ, ബോട്ട് റേസ് ഗ്യാലറി തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കുന്നതിന് നിർവഹണ ഏജൻസിയായി KEL-നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. (മലപ്പട്ടം മുനമ്പുകടവ് പ്രദേശത്ത് ടോയ്‌ലറ്റ് ബ്ലോക്ക്, ആർട്ടിസാൻസ് ആല, ഫുഡ് കോർട്ട് എന്നിവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്) മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കാസർഗോട് ജില്ലയിൽ ആകെ 3

| | | | |
|---|---|---|---|
| | | | പദ്ധതികൾക്കാണ് കേരള ടൂറിസം വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളത്. അവ തൃക്കരിപ്പൂർ മണ്ഡലത്തിലാണ് 1. ഡെവലപ്മെൻറ് ഓഫ് കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ (ഭരണാനുമതി നൽകിയ തുക- 8,00,00,000/-) 6% പുരോഗതിയിലാണ് 2. മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം ബോട്ട് ജെട്ടി അറ്റ് മാടക്കാൽ (ഭരണാനുമതി നൽകിയ തുക- 98,00,000/-) 69% പുരോഗതിയിലാണ് 3. മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം അറ്റ് മാവിലക്കടപ്പുറം (ഭരണാനുമതി നൽകിയ തുക- 3,27,00,000/-) 97% പുരോഗതിയിലാണ് |
| (ബി) | ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ആണുള്ളതെന്നും ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ? | (ബി) | പഴയങ്ങാടി ബോട്ട് ടെർമിനൽ, പറശ്ശനിക്കടവ് ബോട്ട് ടെർമിനൽ പ്രവൃത്തി പൂർത്തീകരിച്ച് 2020 ഒക്ടോബർ 22 ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ന്യൂമാഹി, പാത്തിക്കൽ, കാക്കടവ്, പെരിങ്ങത്തൂർ, മോന്താൽ, പുന്നക്കടവ്, ചേരികൽ, ധർമ്മടം, പാറപ്രം എന്നിവയുടെ പ്രവൃത്തികൾ സർക്കാറിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഇൻലാന്റ് നാവിഗേഷൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. (ന്യൂ മാഹി, മോന്താൽ എന്നീ പ്രവൃത്തികൾ ജനുവരി 31 നോടെയും പുന്നക്കടവ്, പെരിങ്ങത്തൂർ, പാത്തിക്കൽ, കാക്കടവ്, ചേരിക്കൽ എന്നീ പ്രവൃത്തികൾ ഫെബ്രുവരി അവസാനത്തോടെയും ധർമ്മടം, പാറപ്രം മാർച്ച് ഓടെയും പൂർത്തീകരിക്കുമെന്നാണ് ഇൻലാന്റ് നാവിഗേഷൻ അറിയിച്ചിട്ടുള്ളത്). പദ്ധതിയ്ക്ക് ആവശ്യമായ CRZ ക്ലിയറൻസിനു വേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ (KSINC) ടൂറിസം വകുപ്പ് ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ KCZMA യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ൨ കാസർഗോഡ് ജില്ലയിൽ മൂന്ന് പദ്ധതികളാണ് ഉള്ളത് അതിൻറെ പ്രവൃത്തി ഉൾനാടൻ ജലഗതാഗത വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കൂടാതെ CRZ അനുമതിക്കായി ഗവൺമെൻറ് ഏജൻസി ആയ KSINC -യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്കും CRZ ലഭിക്കുന്ന മുറക്കും പദ്ധതി പൂർത്തീകരിക്കാനാവുന്നതാണ്. |

സെക്ഷൻ ഓഫീസർ